**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4713** **02-07-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ് കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ ഉപഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് കുടിശിക ലഭിക്കാത്തതു മൂലം 2021 മുതൽ നാളിതുവരെ വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടം എത്രയാണെന്ന് അറിയിക്കുമോ; | (എ) | ഡി.സി.ബി പ്രകാരം, ഗാർഹികം, ഗാർഹികേതരം, വാണിജ്യം, സ്പെഷ്യൽ, ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുടാപ്പുകൾ, മറ്റു വിഭാഗങ്ങൾ എന്നിവയിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക മാർച്ച് 2021-ൽ 2032.85 കോടി രൂപയും മാർച്ച് 2022-ൽ 2111.59 കോടി രൂപയും മാർച്ച് 2023-ൽ 1194.95 കോടി രൂപയും മാർച്ച് 2024 -ൽ 1518.59 കോടി രൂപയുമാണ്. |
| (ബി) | വാട്ടർ ചാർജ് കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയും അതിൻപ്രകാരം ഈടാക്കിയ തുകയും വെളിപ്പെടുത്തുമോ? | (ബി) | വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. കൃത്യമായി ബില്ല് അടക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറക്ക് തവണകൾ ആയി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.<br><br>പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ചു എല്ലാ വകുപ്പ് തലവന്മാർക്കും 2023-ൽ കത്തു നൽകിയിട്ടുണ്ട്.<br><br>സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിയിരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ "വാർ റൂമുകൾ" പ്രവർത്തിച്ചിരുന്നു. |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച കത്തുകളും നൽകുന്നുണ്ട്.

2021, 2022, 2023, 2024 എന്നീ വർഷങ്ങളിലെ മാർച്ച് മാസത്തെ ഡി.സി.ബി പ്രകാരം, ഗാർഹികം, ഗാർഹികേതരം, വാണിജ്യം, സ്പെഷ്യൽ, ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുടാപ്പുകൾ, മറ്റു വിഭാഗങ്ങൾ എന്നിവയിൽ നിന്നും കേരള വാട്ടർ അതോറിറ്റി പിരിച്ചെടുത്ത തുക താഴെ ചേർക്കുന്നു.

| **വർഷം** | **പിരിച്ചെടുത്ത തുക (രൂപ കോടിയിൽ)** |
|---|---|
| 2021-22 | 583.23 |
| 2022-23 | 806.39 |
| 2023-24 | 1165.74 |

സെക്ഷൻ ഓഫീസർ